"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്- അഴീക്കൽ തുറമുഖത്ത് കപ്പലുകൾക്കാവശ്യമായ ശുദ്ധജലം വിതരണം- പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി - പുതുക്കിയ ഭരണാനുമതിയും ഫണ്ടും അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.169/2024/F&P തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:-

1. 30-06-2020 തീയതിയിലെ സ.ഉ (സാധാ) നം. 377/2020/മതുവ
2. 13-02-2023 തീയതിയിലെ സ.ഉ(സാധാ) നം. 132/2023/മതുവ
3. കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 24/11/2023 തീയതിയിലെ സി1-4634/2017 നമ്പർ കത്ത്

**ഉത്തരവ്**

അഴീക്കൽ തുറമുഖത്ത് കപ്പലുകൾക്കാവശ്യമായ ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് പരാമർശം (1) പ്രകാരം 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ പ്രവൃത്തി ആരംഭിക്കുവാൻ തീരുമാനിച്ചിരുന്നുവെങ്കിലും 2018, 2019 വർഷങ്ങളിലെ തുടർച്ചയായ പ്രളയവും സർക്കാരിന് കടുത്ത സാമ്പത്തിക പ്രതിസന്ധിയും ഉള്ളതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചില്ല. തുടർന്ന് 2 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി തുക കേരള വാട്ടർ അതോറിറ്റിയുടെ PSTB അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയും, ഈ 2 കോടി രൂപയിൽ നിന്നും, 31/3/2021-ൽ സർക്കാർ പിൻവലിച്ച 1.90 ലക്ഷം രൂപ പരാമർശം (2) പ്രകാരം "5051-02-200-83 അഴീക്കൽ തുറമുഖ വികസനം" എന്ന ശീർഷകത്തിൽ അനുവദിക്കുകയുമുണ്ടായി.

2. പ്രസ്തുത പ്രവർത്തി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 25/3/2023-ൽ പോർട്ട് ഓഫീസർ ഇൻചാർജ് അഴീക്കലും വാട്ടർ അതോറിറ്റി കണ്ണൂർ ഡിവിഷൻ ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിൽ മേൽ പ്രവർത്തി ഭരണാനുമതി പ്രകാരമുള്ള രണ്ടുകോടി രൂപയിൽ പൂർത്തിയാക്കാൻ സാധിക്കുകയില്ല എന്നും റേറ്റ് റിവിഷൻ, 2021 ജി.എസ്.ടി.യിൽ ഉണ്ടായ വർദ്ധനവ് എന്നിവ കണക്കിലെടുത്ത് എസ്റ്റിമേറ്റ് recalculate ചെയ്തപ്പോൾ എസ്റ്റിമേറ്റ് തുക 2.5 കോടി രൂപയ്ക്ക് മുകളിൽ ആകുമെന്നും അറിയിച്ചു. എന്നാൽ ജൽ ജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട് അഴീക്കൽ തുറമുഖ കാര്യാലയത്തിന് സമീപംവരെ എത്തുന്ന പൈപ്പ് ലൈൻ വഴി പദ്ധതി പൂർത്തിയാക്കുന്ന പക്ഷം എസ്റ്റിമേറ്റ് തുകയിൽ കുറവ് വരാമെന്നും ലഭ്യമായ ഭരണാനുമതി തുകയ്ക്കുള്ളിൽ തന്നെ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ

അതോറിറ്റി അറിയിച്ചു. പ്രസ്തുത പ്രവർത്തിയിലേക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ വാട്ടർ സപ്ലൈ ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, കണ്ണൂർ 1,70,00,000/- (ഒരുകോടി എഴുപത് ലക്ഷം രൂപ മാത്രം) രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുണ്ട്. മുൻപ് അനുവദിച്ച രണ്ടു കോടി രൂപയിൽ നിന്നും 31/03/21-ൽ സർക്കാർ പിൻവലിച്ച 1,90,00,000/- രൂപ കുറച്ച് 10,00,000/- രൂപ വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിൽ തന്നെ നിക്ഷേപിച്ചിട്ടുണ്ട്. ആയതിനാൽ അഴീക്കൽ തുറമുഖത്ത് കപ്പലുകൾക്കാവശ്യമായ ശുദ്ധജലവിതരണത്തിനായി കേരളവാട്ടർ അതോറിറ്റിയുടെ പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവർത്തിക്ക് 1,60,00,000/- രൂപയുടെ ഫണ്ട് 2023-24 സാമ്പത്തിക വർഷത്തിൽ "5051-02-200-83 അഴീക്കൽ തുറമുഖ വികസനം" എന്ന' ശീഷകത്തിൽ ഫിനാൻസ് ഓഫീസർ കേരള മാരിടൈം ബോർഡിന് അനുവദിക്കണമെന്ന് കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (3) പ്രകാരം അഭ്യർത്ഥിയ്ക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 30.06.2020 ലെ സ.ഉ(സാധാ) 377/2020/മതുവ പ്രകാരമുള്ള 2 കോടി രൂപയുടെ ഭരണാനുമതി ഇതിനോടകം കാലഹരണപ്പെട്ടതിനാൽ പുതുക്കിയ പ്രൈസ് എസ്റ്റിമേറ്റ് പ്രകാരമുള്ള 1.7 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു. നിലവിൽ വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള 10,00,000/- രൂപ കഴിച്ച് ബാക്കിയുള്ള 1.6 കോടി രൂപ "5051-02-200-83 അഴീക്കൽ തുറമുഖ വികസനം" എന്ന ശീർഷകത്തിലെ നടപ്പ് വർഷത്തെ വിഹിതത്തിൽ നിന്നും കണ്ടെത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗിരിജ കുമാരി.ജി
അഡിഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കേരളമാരിടൈംബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള, തിരുവനന്തപുരം
✓ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Usha P Y
സെക്ഷൻ ഓഫീസർ
Date: 16-03-2024 11:37:49